(ബി) ഡിപ്പാർട്ട്മെന്റ് മുഖേനയും നായരമ്പലം ഗ്രാമപഞ്ചായത്ത് പ്രോജക്ട് പ്രകാരവും മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നുണ്ട്.

(സി) നായരമ്പലം സർക്കാർ ആയുർവ്വേദ ആശുപത്രിയിൽ പുതുതായി ഒ.പി. ബ്ലോക്ക് നിർമ്മിച്ചിട്ടുണ്ട്. പഞ്ചകർമ്മ തിയേറ്ററിന്റെ നവീകരണ പ്രവർത്തനം നടപ്പിലാക്കിയിട്ടുണ്ട്.

നാഷണൽ റൂറൽ ഹെൽത്ത് മിഷൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം

31 (720) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് ആസ്ഥാനമായുള്ള നാഷണൽ റൂറൽ ഹെൽത്ത് മിഷൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ നിലവിൽ ഏതു കെട്ടിടത്തിലാണ് ഇതിന്റെ പ്രവർത്തനം നടക്കുന്നതെന്ന് അറിയിക്കുമോ;

(ബി) ഇതിനായുള്ള കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ടോ;

(സി) കെട്ടിടം തുറന്ന് പ്രവർത്തിക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ഡി) കെട്ടിടം എന്നുമുതൽ തുറന്ന് പ്രവർത്തിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കാഞ്ഞങ്ങാട്, ആരോഗ്യവകുപ്പിന്റെ കീഴിലാണ് ട്രെയിനിംഗ് സെന്റർ പ്രവർത്തിക്കുന്നത്. നിലവിൽ ട്രെയിനിംഗ് നടത്തുന്നത് ജില്ലാ മെഡിക്കൽ ഓഫീസറുടെ കോൺഫറൻസ് ഹാളിലും ജില്ലാ ആശുപത്രിയിലെ പാലിയേറ്റീവ് ട്രെയിനിംഗ് സെന്ററിലുമാണ്.

(ബി) നാഷണൽ ഹെൽത്ത് മിഷൻ മുഖേന പുതിയ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് നിർമ്മിച്ച് ജില്ലാ മെഡിക്കൽ ഓഫീസർക്ക് കൈമാറിയിട്ടുണ്ട്.

(സി) പുതിയ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കെട്ടിടത്തിൽ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. ഫർണിച്ചറുകളും ഉപകരണങ്ങളും സൈറ്റിൽ ലഭ്യമായിട്ടില്ല.

(ഡി) ഫർണിച്ചർ ലഭ്യമായ ഉടൻതന്നെ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനം തുടങ്ങുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly